LIBRARY ARCHIVES Kerala Legislative Assembly

മരുന്ന് കുറിക്കുന്നതിനായി ഡോക്ടർമാർക്ക് നൽകുന്ന പാരിതോഷികം

12 (*222) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാർ മരുന്ന് കുറിക്കാൻ മരുന്ന കമ്പനികളിൽനിന്നും പാരിതോഷികം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ ;

(സി) കമ്പോള താൽപ്പര്യങ്ങൾക്കനുസരിച്ച് വിലകൂടിയ മരുന്നുകൾ രോഗികളിൽ അടിച്ചേൽപ്പിക്കുന്നത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഹോമിയോ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നീ വിഭാഗങ്ങളിൽനിന്നും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ആരോഗ്യ വകുപ്പിൽ, മലപ്പുറം ജില്ലയിലെ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റിനെ ഇതുമായി ബന്ധപ്പെട്ട് സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണത്തിനുവേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയും ചെയ്യുന്നു. ടിയാൾ ഇപ്പോഴും സസ്പെൻഷനിൽ തുടരുകയുമാണ്.

(ബി) മരുന്നുകൾ ജനറിക് പേരിൽ കുറിച്ച് കൊടുത്താൽ ഇത്തരം പരാതികൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. സർക്കാർ ആശുപത്രി കളിലേക്ക് ആവശ്യമായ മരുന്നുകൾ ഇന്റന്റ് ചെയ്യുന്നതും കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്യുന്നതും ജനറിക് നാമധേയത്തിലാണ്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡോക്ടർമാരും ജനറിക് മരുന്നുകൾതന്നെ രോഗികൾക്ക് കുറിച്ച് നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അവിടെ ലഭ്യമാകാത്ത മരുന്നുകൾ മാത്രമേ പുറത്തുനിന്നു വാങ്ങാൻ നിർദ്ദേശിക്കാറുള്ളൂ.

(സി) രോഗികൾക്ക്, പുറത്തേക്ക് മരുന്ന് കുറിച്ചുകൊടുക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിക്ക് തുടക്കമിട്ടത്. ഇതിന്റെ ഭാഗമായി 698 ജനറിക് മരുന്നുകളാണ് ആരോഗ്യ വകുപ്പിലെ വിവിധ ആശുപത്രികളിലായി സൗജന്യമായി വിതരണം ചെയ്യുന്നത്. ഇതിനുപുറമെ കാൻസർ ചികിത്സയ്ക്കുള്ള 73 ഇനം മരുന്നുകളും സൗജന്യമായി നൽകിവരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ മരുന്ന് ലഭ്യമല്ലെങ്കിൽ ലോക്കൽ പർച്ചേയ്സ് മുഖേന ഇത് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡോക്ടർമാരും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഖണ്ഡിക 1.5 പ്രകാരം ജനറിക് മരുന്നുകൾതന്നെ രോഗികൾക്ക് കുറിച്ച് നല്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലവിമാന സർവ്വീസ് പദ്ധതി

13 (*223) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രധാന ടൂറിസം സെന്ററുകളെ ബന്ധപ്പെടുത്താനും അതുവഴി ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly